# പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്കായി പരാതി പരിഹാര അദാലത്ത് നടത്തി

പട്ടിക ജാതി പട്ടിക വിഭാഗത്തിൽപ്പെട്ടവർക്കായി കുറുപ്പംപടി പോലീസിൻെറ ആഭിമുഖ്യത്തിൽ ഇന്നലെ (26.08.16) പരാതി പരിഹാര അദാലത്ത് അശമന്നൂർ കല്ലേലിമോളം SC കോളനി വിജ്ഞാനവാടി ഹാളിൽ വെച്ച് നടത്തി. എറണാകുളം റൂറൽ ജില്ല പോലീസ് മേധാവി ശ്രീ. പി.എൻ.ഉണ്ണിരാജൻ ഐ.പി.എസ് ഉദ്ഘാടനം നിർവ്വഹിച്ചു.

പ്രസ്തുത ചടങ്ങിൽ പെരുമ്പാവൂർ ഡിവൈഎസ്.പി. ശ്രീ. കെ.എസ്.സുദർശൻ അദ്ധ്യക്ഷത വഹിച്ചു. കുറുപ്പംപടി പോലീസ് ഇൻസ്പെക്ടർ ശ്രീ. എസ്.ഷംസുദ്ദീൻ സ്വാഗതം പറഞ്ഞു. ആലുവ നാർക്കോട്ടിക്ക് സെൽ ഡിവൈഎസ്.പി. ശ്രീ. വി.കെ.സനിൽ കുമാർ, അശമന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ. എൻ.എം സലിം,വാർഡ് മെമ്പർ ശ്രീമതി.ലൈല, പട്ടികജാതി കൂവപ്പടി ബ്ലോക്ക് ഓഫീസർ ശ്രീമതി.ഷൈനിമോൾ.കെ.ബി, എസ്.എസി / എസ്.ടി ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി അംഗം ശ്രീ. എം.കെ. കുഞ്ഞോൽ, സർക്കിൾ മോണിറ്ററിംഗ് കമ്മിറ്റി അംഗം ശ്രീ.രാമചന്ദ്രൻ കുറുപ്പംപടി സബ് ഇൻസ്പെക്ടർ ശ്രീ. പി.വിനോദ് എന്നിവർ സംബന്ധിച്ചു.

അദാലത്തിൽ ഏക്കുന്നം,എടത്തിക്കാവ്, കല്ലേലിമോളം, പുരംചിറ, പൂമല, നമ്പേലി,പൂതക്കുഴി, അംബരമോളം, വഴിപ്പുഴ,ഇല്ലത്തിപ്പടി കൈപ്പിള്ളി എന്നീ പട്ടികജാതി കോളനികളിലെ ഏകദേശം 300-ഓളം ആളുകൾ പങ്കെടുത്തു. അദാലത്തില് ആകെ 21 പരാതികൾ ലഭിച്ചതിൽ പോലീസ് വകുപ്പിന് കീഴിൽ വരുന്ന 2 പരാതികൾ ഉടനടി പരിഹരിച്ചു. മറ്റ് പരാതികളിൽ തുടർനടപടികൾക്കായി 19 എണ്ണം മറ്റ് ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറ്കൾക്ക് കൈമാറ്റുന്നതിനായി ബഹു ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തു.

തുടർന്ന് നടന്ന അദാത്തിൽ പങ്കെടുത്തവർക്കായി ചായ സത്കാരം നടത്തി. അദാലത്തിനോടനുബന്ധിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമത്തെക്കുറിച്ച് പെരുമ്പാവൂർ ഡിവൈഎസ്.പി. ശ്രീ. കെ.എസ്.സുദർശൻ ബോധവൽക്കരണക്ലാസ്സ് നടത്തി.